**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1246 30.01.2018 ൽ മറുപടിയ്ക്ക്**

## സംസ്ഥാന സ്കൂൾ കലോത്സവത്തിലെ വ്യാജ അപ്പീലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | യുണെസ്കോയുടെ ലോക പൈതൃക പട്ടികയിലേയ്ക്ക് സംസ്ഥാന സ്കൂൾ കലോത്സവത്തെ എത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | യുണെസ്കോയുടെ ലോക പൈതൃക പട്ടികയിലേയ്ക്ക് സംസ്ഥാന സ്കൂൾ കലോത്സവത്തെ എത്തിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിന് ബാലാവകാശ കമ്മീഷന്റെ വ്യാജ അപ്പീൽ ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇതു സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിൽ വ്യാജമായി അപ്പീൽ ഉണ്ടാക്കുന്ന ലോബി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | ടി വിഷയത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു. |
| (ഡി) | ഈ വർഷം ബാലാവകാശ കമ്മീഷന്റേതായും ലോകായുക്തയുടേതായും എത്ര അപ്പീലുകൾ വീതമാണ് ലഭിച്ചത്; അപ്പീലുകൾ കുറയ്ക്കുന്നതിനായി ഹൈക്കോടതിയെ സമീപിക്കുവാൻ | (ഡി) | ബാലാവകാശ കമ്മീഷന്റെ 22 അപ്പീലുകളും ലോകായുക്തയുടെ 563 അപ്പീലുകളും ലഭിച്ചിട്ടുണ്ട്. അപ്പീലുകൾ കുറയ്ക്കുന്നതിനായി ബഹു. ഹൈക്കോടതിയെ സമീപിച്ച് റിട്ട് ഫയൽ ചെയ്യുകയും 4 ലോകായുക്ത |

| | | | |
|---|---|---|---|
| | ആലോചിക്കുന്നുണ്ടോ; | | വിധികൾ സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | കഴിഞ്ഞ വർഷവും വ്യാജ അപ്പീലുകൾ ഉണ്ടായിരുന്നു എന്ന പരാതിയിന്മേൽ അന്വേഷണം നടത്തിയിരുന്നുവോ; വ്യാജ അപ്പീൽ ലോബികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ക്രൈംബ്രാഞ്ചിനെ അന്വേഷണം നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ